ദേശാഭിമാനി CHN |
ww.deshabhimani.com

# തെങ്ങുകയറാൻ പെൺകൂട്ടവും

അഞ്ജുനാഥ്


ചങ്ങാതിക്കൂട്ടത്തിലെ ഡെൻസി ടോമി തെങ്ങിൽ കയറുന്നു

കൊച്ചി: പുത്തൻവേലിക്കര അവിട്ടംപിള്ളി ഡെൻസി ടോമി തെങ്ങിൽകയറും. ഒപ്പം കൂട്ടുകാരായ ഗ്രെയ്സി തോമസ്, മിനി അലക്സ്, ആനി പോൾ, ജെസി ജോണി എന്നിവരുമുണ്ട്. ആരും ഇവരെ നോക്കി 'മരംകേറിപ്പെണ്ണുങ്ങൾ പോകുന്നേയ്' എന്ന് വിളിച്ചുകൂവാറില്ല. തേങ്ങയിടാൻ നാട്ടുകാർക്ക് ഇവരുടെ സഹായം കൂടിയേകഴിയൂ. നാളികേര വികസന ബോർഡിന്റെ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിപാടിയിലൂടെയാണ് ഇവർ തെങ്ങുകയറ്റം പഠിച്ചത്. ഇപ്പോൾ ഇത് ഇവർക്ക് മാന്യമായ വേതനവും ജീവിത സാഹചര്യവും നൽകുന്ന തൊഴിൽ.

പുരുഷന്മാർ കുത്തകയാക്കിയ തെങ്ങുകയറ്റം സ്ത്രീകൾക്ക് വഴങ്ങുമോ എന്ന ആശങ്ക തുടക്കത്തിൽ ഇവർക്കുണ്ടായിരുന്നു. എന്നാൽ വീട്ടുകാരും സുഹൃത്തുക്കളും ധൈര്യം നൽകി. ഡിസംബറും ജനുവരിയും പുത്തൻവേലിക്കര അസീസി ഭവനിലായിരുന്നു പരിശീലനം. എട്ടു ബാച്ചുകളിലായി നൂറ്റമ്പതിലധികം പേർ പരിശീലനം നേടി. ഇതിൽ ഇരുപതോളം സ്ത്രീകളുമുണ്ട്. ആറു ദിവസം കൊണ്ടാണ് യന്ത്രം ഉപയോഗിച്ചുള്ള തെങ്ങിൽകയറ്റം പഠിച്ചത്. ഇപ്പോൾ എത്ര ഉയരത്തിലുള്ള തെങ്ങിൽ കയറാനും വിഷമമില്ല. വിളഞ്ഞ തേങ്ങ തിരിച്ചറിയാനും ഓല വെട്ടാനുമൊക്കെ മുതിർന്ന തൊഴിലാളികൾ പഠിപ്പിച്ചു.

ഒരു തെങ്ങിൽ കയറാൻ 20 രൂപയാണ് നിരക്ക്. ഓട്ടോറിക്ഷയ്ക്ക് പോകേണ്ട സ്ഥലമാണെങ്കിൽ കൂലി അൽപ്പം കൂടും. ദിവസം കുറഞ്ഞത് 20 തെങ്ങിലെങ്കിലും കയറും. മാസത്തിൽ 20 ദിവസമെങ്കിലും തൊഴിൽ ലഭിക്കുന്നുണ്ട്. തെങ്ങുകയറ്റക്കാരോടുള്ള സമീപനത്തിൽ മാറ്റം വന്നിട്ടുണ്ടെന്നും ചങ്ങാതിക്കൂട്ടം സാക്ഷ്യപ്പെടുത്തുന്നു. ഇപ്പോൾ ഏതു വീട്ടിൽചെന്നാലും സൽക്കരിച്ച ശേഷമാണ് തെങ്ങിൽ കയറ്റുന്നത്. ഒരിക്കൽ വിളിക്കുന്നവർ മൊബൈൽ നമ്പർ വാങ്ങിവച്ചശേഷം വീണ്ടും വിളിക്കും. മഴക്കാലത്തും യന്ത്രം ഉപയോഗിച്ച് തെങ്ങുകയറാമെന്ന് ഇവർ പറയുന്നു.

ചങ്ങാതിക്കൂട്ടത്തിന് യൂണിഫോം നൽകുമെന്ന് നാളികേര വികസന ബോർഡ് പറഞ്ഞിരുന്നെങ്കിലും നടപ്പായില്ല. ഇതുമൂലം ചങ്ങാതിക്കൂട്ടത്തിന്റെ പേരിൽ നിരവധി വ്യാജന്മാർ രംഗത്തിറങ്ങി അമിതകൂലി ഈടാക്കുന്നെന്ന് ഇവർ പറയുന്നു. തൊഴിലാളിക്ക് ഇൻഷുറൻസ് ഉണ്ടെങ്കിലും ചികിത്സാച്ചെലവിന്റെ ബില്ല് ഹാജരാക്കിയാൽ സമയത്തിന് പണം ലഭിക്കാത്ത സ്ഥിതിയുമുണ്ട്.